(സി) കേരള സംസ്ഥാന സഹകരണബാങ്ക് 1991-ലാണ് ആദ്യമായി ട്രഷറിയിൽ പണം നിക്ഷേപിച്ചത്.

(ഡി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 അനുസരിച്ച് സഹകരണബാങ്കുകൾക്ക് ഗവൺമെന്റ് സേവിംഗ്സ് ബാങ്കിൽ തുക നിക്ഷേപിക്കാവുന്നതാണ്.

(ഇ) റിസർവ് ബാങ്ക് സമീപനം സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് നബാർഡ് അധികൃതരുമായുള്ള നേരിട്ടുള്ള ചർച്ചയിൽ അവരെ അറിയിച്ചിട്ടുണ്ട്.

സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തിയതിലെ അപാകതകൾ

15 (*195) ശ്രീ. പി. രാഘവൻ:
ശ്രീ. രാജു എബ്രഹാം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് ഏർപ്പെടുത്തിയതിലെ അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി വ്യക്തമാക്കുമോ ;

(ബി) പല സെക്ഷനുകളിലും മീറ്റർ റീഡിംഗ് യഥാസമയം എടുക്കാത്തതു കാരണം ഉപഭോക്താക്കൾക്ക് വലിയതുകയ്ക്കുള്ള കുടിശ്ശിക ബില്ലുകൾ നൽകുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേടുവന്ന മീറ്ററുകൾ മാറ്റി പുതിയ മീറ്ററുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) വൈദ്യുതി ചോർച്ച തടയുന്നതിന് എല്ലാ സെക്ഷനുകളിലും "ആന്റി പവർ തെഫ്റ്റ് സ്കാഡിന്റെ" പ്രവർത്തനം ശക്തിപ്പെടുത്തുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) അപാകതകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സ്പോട്ട് ബില്ലിംഗ് ഇല്ലാത്ത സെക്ഷനുകളിൽ ആറുമാസത്തിൽ ഒരിക്കലാണ് റീഡിംഗ് എടുക്കുന്നത്. എന്നാൽ മീറ്റർ റീഡർമാരുടെ കുറവുള്ള സെക്ഷനുകളിൽ മീറ്റർ റീഡിംഗ് എടുക്കുന്നതിനുള്ള കാലദൈർഘ്യം ആറുമാസത്തിലൊരിക്കൽ എന്നുള്ളത് നീണ്ടുപോകാറുണ്ട്. ഈ കാരണത്താൽ നൽകുന്ന വലിയ തുകയ്ക്കുള്ള കുടിശ്ശിക ബില്ലുകൾക്ക് തവണ വ്യവസ്ഥ അനുവദിക്കാറുള്ളതുകൊണ്ട് ഉപഭോക്താക്കൾക്ക് ഇതുവഴി അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒരു വലിയപരിധിവരെ ഒഴിവാക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സെക്ഷനുകളിലും സ്പോട്ട് ബില്ലിംഗ് നടപ്പിലാകുന്നതോടുകൂടി ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

(ഡി) ആന്റി പവർ തെഫ്റ്റ് സ്കാഡിന്റെ തിരുവനന്തപുരം ആസ്ഥാനമായുള്ള യൂണിറ്റ് കൂടാതെ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ സ്പെഷ്യൽ സ്കാഡും പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയെല്ലാം സ്ഥാപിച്ചിട്ടുള്ളത് വൈദ്യുതി മോഷണം വഴിയുള്ള വൈദ്യുതി ചോർച്ച തടയുന്നതിനുവേണ്ടിയാണ്. പരാതി ലഭിക്കുന്ന സെക്ഷനുകളിൽ ഇവർ പരിശോധന നടത്തി തുടർ നടപടി സ്വീകരിക്കുന്നുണ്ട്. സെക്ഷനുകളിലെ ജീവനക്കാരും വൈദ്യുതി മോഷണം കണ്ടെത്തുകയും അതു തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ലേബർ കമ്മീഷൻ

16(*196) ശ്രീ. പി. ജെ. ജോയി :
ശ്രീ. വി. ബാലറാം :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ലേബർ കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശങ്ങൾ എന്തെല്ലാമാണ് ;

(സി) തൊഴിലാളിക്ഷേമം പാസ്സാക്കി പുതിയ നിയമ നിർമ്മാണത്തിനുള്ള നിർദ്ദേശം സമർപ്പിക്കുവാൻ ഈ കമ്മീഷനോട് ആവശ്യപ്പെടാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ ഏതെല്ലാം രംഗങ്ങളിലെ തൊഴിലാളികളെ ഉദ്ദേശിച്ചു കൊണ്ടാണ് ഇപ്രകാരം പുതിയ നിയമനിർമ്മാണത്തിനുള്ള നിർദ്ദേശം കൊണ്ടുവരാൻ ആവശ്യപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്.

(ബി)) ലേബർ അജണ്ട 2000-ന്റെ ഭാഗമായി നിലവിലുള്ള തൊഴിൽ നിയമങ്ങൾ അവലോകനം നടത്തി കാലോചിതമായ പരിഷ്ക്കാരങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ ലേബർ കമ്മീഷനായി നിയമിക്കുന്നതിനാവശ്യമായ ശുപാർശ സമർപ്പിക്കുവാൻ ലേബർ കമ്മീഷണർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly